നം. എൽ. എഫ്. 18940/സി. എ. ആർ. 1/2011.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ
കാര്യാലയം,
തിരുവനന്തപുരം, തീയതി: 12.10.2011

സർക്കുലർ.നമ്പർ. 16/2011

വിഷയം: സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2011-12 - പ്രവർത്തനാവലോകന റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ - സംബന്ധിച്ച്.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 23-ാം വകുപ്പു പ്രകാരം സംസ്ഥാന നിയമസഭ മുമ്പാകെ വയ്ക്കുന്ന സമാഹൃത റിപ്പോർട്ടിൽ പ്രവർത്തനാവലോകന റിപ്പോർട്ട് (പെർഫോമൻസ് റിവ്യൂ റിപ്പോർട്ട്) കൂടി ഉൾപ്പെടുത്താൻ 10.10.2011-ന് ഡയറക്ടറുടെ നേതൃത്വത്തിൽ ചേർന്ന സമാഹൃത റിപ്പോർട്ടിനെ സംബന്ധിച്ച കോർ ഗ്രൂപ്പ് യോഗം തീരുമാനിച്ചിട്ടുണ്ട്.

2011-12 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ട പ്രവർത്തനാവലോകനം സംബന്ധിച്ച വിഷയങ്ങൾ, റിപ്പോർട്ട് തയ്യാറാക്കേണ്ട രീതി, പരിശോധനാ സൂചിക എന്നിവ സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

I. 2011 നവംബർ, ഡിസംബർ, 2012 ജനുവരി എന്നീ മാസങ്ങളിൽ ജില്ലാ ഓഫീസുകളിലും നഗരസഭ കൺകറന്റ് ഓഡിറ്റ് ഓഫീസുകളിലും ഓഡിറ്റിനോടൊപ്പം പ്രവർത്തനാവലോകനം നടത്തി, റിപ്പോർട്ട് ബന്ധപ്പെട്ട ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് വർഷം അടിസ്ഥാനമാക്കിയല്ല പ്രവർത്തനാവലോകനം നടത്തേണ്ടത്. ഓഡിറ്റ് തീയതി വരെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തണം. വിശദാംശങ്ങൾ നൽകുമ്പോൾ ഏതു വർഷത്തിൽ എന്നു ചേർക്കണം.

II. കാർഷിക പദ്ധതികളും കൃഷിഭവനും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡു നിർമ്മാണ പ്രവൃത്തികൾ, ശിശുക്ഷേമ പദ്ധതികളും അംഗണവാടികളും എന്നീ വിഷയങ്ങളാണ് പ്രവർത്തനാവലോകനത്തിന് തെരഞ്ഞെടുത്തിരിക്കുന്നത്.

III. പ്രവർത്തനാവലോകന റിപ്പോർട്ട് ആമുഖം, ഓഡിറ്റ് ലക്ഷ്യങ്ങൾ, മാനദണ്ഡങ്ങൾ, ഓഡിറ്റ് കണ്ടെത്തലുകൾ, നിഗമനങ്ങൾ, ശുപാർശകൾ എന്നീ ഖണ്ഡികകളായി തിരിച്ച് തയ്യാറാക്കേണ്ടതാണ്.

തെരഞ്ഞെടുത്ത വിഷയത്തിന്റെ പ്രസക്തി, പ്രാദേശികമായി നൽകുന്ന പ്രാധാന്യം (ഉദാ:കൂടുതൽ പേർ കാർഷിക മേഖലയെ ഉപജീവനത്തിന് ആശ്രയിക്കുന്ന പ്രദേശം) തദ്ദേശ ഭരണ സ്ഥാപനം മേഖലയ്ക്ക് നൽകുന്ന പരിഗണന, തുടങ്ങിയ കാര്യങ്ങൾ പ്രവർത്തനാവലോകന റിപ്പോർട്ടിന്റെ ആമുഖമായി ചുരുക്കി വിവരിക്കണം.

ഓഡിറ്റ് ലക്ഷ്യങ്ങൾ എന്ന ഖണ്ഡികയിൽ പ്രവർത്തനാവലോകനം നടത്തുന്നതിന്റെ ലക്ഷ്യങ്ങളാണ് ഉൾപ്പെടുത്തേണ്ടത്. (ഉദാ: അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കൃഷിഭവനുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതുകൊണ്ട് കർഷകർക്ക് പ്രയോജനം ലഭിച്ചോ ? കാർഷിക മേഖലയിലെ പദ്ധതികൾ മൂലം ഉത്പാദനം വർദ്ധിച്ചോ ? കാർഷിക യന്ത്രവൽക്കരണം സാധ്യമായോ ? നീർത്തട സംരക്ഷണം, ഭക്ഷ്യ സുരക്ഷ തുടങ്ങിയവ ഉറപ്പുവരുത്താനായോ ? നെൽപ്പാടങ്ങൾ നികത്തുന്നത് തടയാനായോ ? തരിശു നിലങ്ങൾ കൃഷിയോഗ്യമാക്കിയോ ? തുടങ്ങിയവ)

ഓഡിറ്റ് മാനദണ്ഡങ്ങൾ എന്ന ഖണ്ഡികയിൽ പ്രവത്തനാവലോകനത്തിന് ആധാരമാക്കിയ നിയമങ്ങൾ, ചട്ടങ്ങൾ, ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ ഉൾപ്പെടുത്തണം (ഉദാ: കേരള പഞ്ചായത്ത് രാജ് ആക്ട് 166(1)-ാം വകുപ്പ് III-ാം പട്ടിക, മുനിസിപ്പാലിറ്റി ആക്ട് 30(1)-ാം വകുപ്പ് 1-ാം പട്ടിക എന്നിവ പ്രകാരം അനിവാര്യ/പൊതുവായ/മേഖലാടിസ്ഥാനത്തിൽ അവലോകന വിധേയമാക്കുന്ന വിഷയത്തിലെ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ചുമതല, ജി.ഒ.(എം.എസ്)128/07 തസ്വഭവ. 14.05.07, ജി.ഒ(എം.എസ്) 183/07 തസ്വഭവ 24.07.07 തുടങ്ങി വികേന്ദ്രീകരണ ആസൂത്രണവുമായി ബന്ധപ്പെട്ട ഉത്തരവുകൾ, കൃഷിഭവനുകൾ, അംഗണവാടികൾ തുടങ്ങിയവ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കൊണ്ടുള്ള കൃഷിവകുപ്പ, സാമൂഹ്യക്ഷേമ വകുപ്പ് തുടങ്ങിയവ പുറത്തിറക്കിയ പ്രസക്തമായ ഉത്തരവുകൾ, വകുപ്പുതല ഉത്തരവുകൾ തുടങ്ങിയവ).

ഓഡിറ്റ് കണ്ടെത്തലുകൾ എന്ന ഖണ്ഡികയ്ക്കാണ് പ്രവർത്തനാവലോകന റിപ്പോർട്ടിൽ ഏറ്റവും പ്രാധാന്യം നൽകേണ്ടത്. വിവരങ്ങൾ വസ്തുനിഷ്ഠമായി സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ ഉപ ഖണ്ഡികകളായി അവതരിപ്പിക്കണം. പ്രവർത്തനാവലോകനത്തിന് തന്നിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിവരശേഖരണം നടത്തി വിശകലനം ചെയ്ത് എഴുതുന്ന രീതിയാണ് അവലംബിക്കേണ്ടത്. സൂചകങ്ങളിൽ ഉൾപ്പെടുത്താത്ത കാര്യങ്ങളിലും അവലോകനം നടത്താവുന്നതാണ്. ഫോട്ടോകൾ, ഗ്രാഫുകൾ, ചാർട്ടുകൾ തുടങ്ങിയവ ഈ ഭാഗത്ത് ഉപയോഗിക്കാവുന്നതാണ് (ഉദാ: പണി സ്തംഭനത്തിലായ കൃഷിഭവൻ കെട്ടിടം, അപകടാവസ്ഥയിലുള്ള അംഗണവാടി, അനാഥാവസ്ഥയിലായ ജലസേചന പദ്ധതി തുടങ്ങിയവയുടെ ഫോട്ടോ കൂടി ഉൾപ്പെടുത്താവുന്നതാണ്).

'ചോദ്യാവലിക്ക് ഉണ്ട്', 'ഇല്ല' എന്ന രീതിയിലുള്ള മറുപടി ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കരുത്.

പ്രവർത്തനാവലോകനത്തിന്റെ ഭാഗമായി സ്ഥലപരിശോധനകൾ നടത്തിയാൽ ഫയലിൽ കാണുന്നതിൽനിന്നും വിഭിന്നമായ ചിത്രങ്ങൾ കാണാനാകും. പദ്ധതികൾ വിലയിരുത്തുമ്പോൾ ഭൗതിക നേട്ടങ്ങൾക്കാണ് ഊന്നൽ നൽകേണ്ടത് (ഉദാ: രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുന്നതിനുള്ള പ്രോജക്ട്, ജലസേചന പദ്ധതി ആരംഭിച്ചതുമൂലമുണ്ടായ ഉൽപാദന വർദ്ധനവ്, തകർന്ന റോഡുകൾ).

മാതൃകാപരമായ പദ്ധതികളുണ്ടെങ്കിൽ വിശദാംശങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തണം Economy, Efficiency, Effectiveness എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പ്രോജക്ടുകളുടെ നേട്ട-കോട്ട വിശകലനം നടത്തി റിപ്പോർട്ടിൽ ഉൾപ്പെടുത്തണം. ആസ്തികളുടെ സംരക്ഷണം, കൈമാറ്റം എന്നിവ സംബന്ധിച്ച പരാമർശങ്ങൾ വേണം.

പ്രോജക്ടുകൾ പൂർണ്ണമായും ലക്ഷ്യം കൈവരിച്ചുവെങ്കിൽ ആയതിലേക്ക് നയിച്ച ഘടകങ്ങൾ എന്തെല്ലാം? പരാജയപ്പെട്ടുവെങ്കിൽ കാരണങ്ങൾ എന്തെല്ലാം? ഇവ അവലോകനം ചെയ്ത് സംഗ്രഹിച്ച് എഴുതണം.

ഗുരുതരമായ ക്രമക്കേടുകൾ, ധനദുർവിനിയോഗം, പാഴ്ചെലവ് തുടങ്ങിയവ ശ്രദ്ധയിൽപ്പെട്ടാൽ ആയവ ശ്രദ്ധിക്കപ്പെടുന്ന വിധത്തിൽ അടിവരയിട്ട് അവതരിപ്പിക്കണം.

കൈമാറിയ സ്ഥാപനങ്ങളിൽ ജീവനക്കാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് മൂലമുള്ള പ്രയാസങ്ങൾ, അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് തുടങ്ങിയവ ചൂണ്ടിക്കാട്ടണം.

പ്രവർത്തനാവലോകനത്തിന്റെ അടിസ്ഥാനത്തിലുള്ള നിഗമനങ്ങൾ അക്കമിട്ട് പറയുന്നതായിരിക്കണം **നിഗമനങ്ങൾ** എന്ന ഖണ്ഡിക (ഉദാ: അംഗണവാടികളുടെ നടത്തിപ്പ് തദ്ദേശ ഭരണ സ്ഥാപനത്തിന് കൈമാറിയിട്ടും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനായില്ല. കാർഷിക യന്ത്രവൽക്കരണത്തിന് തദ്ദേശ ഭരണ സ്ഥാപനം മുൻകൈ എടുക്കാത്തതിനാൽ ഉൽപാദന വർദ്ധനവ് ഉണ്ടായില്ല)

ശുപാർശകൾ എന്ന ഖണ്ഡികയിൽ നിലവിലുള്ള സ്ഥിതി മെച്ചപ്പെടുത്തേണ്ടതുണ്ടെങ്കിൽ ആയതിന് ശുപാർശകൾ അക്കമിട്ട് ഉൾപ്പെടുത്തണം. തദ്ദേശ ഭരണ സ്ഥാപനത്തിന്റെയും സർക്കാരിന്റെയും മുമ്പിൽ വയ്ക്കേണ്ട ശുപാർശകളായിരിക്കണം ഇത്.

മേൽപ്പറഞ്ഞ ഖണ്ഡികകൾക്കു പുറമേ പ്രവർത്തനാവലോകനത്തിലെ പ്രസക്ത വിവരങ്ങൾ (Highlights) ആദ്യ ഭാഗത്ത് പ്രത്യേകമായി ബോക്സിനുള്ളിൽ ബോൾഡ് അക്ഷരത്തിൽ നൽകാം.

IV. തദ്ദേശ ഭരണ സ്ഥാപന തലത്തിലുള്ള പ്രവർത്തനാവലോകന റിപ്പോർട്ടുകൾ സംസ്ഥാന തലത്തിൽ ക്രോഡീകരിച്ച് സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തുമ്പോൾ ഏക സമാനത (Uniformity) അനിവാര്യമായതിനാലാണ് മേൽപ്പറഞ്ഞ പൊതു നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്. പരിശോധനാ സൂചിക സമഗ്രവും പൂർണ്ണവുമല്ല. ആവശ്യമായ കൂട്ടിച്ചേർക്കലുകൾ വരുത്താവുന്നതാണ്. പ്രോജക്ടുകൾ, സ്കീമുകൾ തുടങ്ങിയവ അവലോകനം ചെയ്യുമ്പോൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സാഹചര്യം, അവലോകനം നടത്തുന്നവരുടെ വീക്ഷണം എന്നിവ അനുസരിച്ച് ഓഡിറ്റ് കണ്ടെത്തലുകളിലും നിഗമനങ്ങളിലും വൈവിധ്യം ദൃശ്യമാകും. പ്രവർത്തനാവലോകനം സംബന്ധിച്ച് ലഭ്യമാക്കുന്ന പരിശോധനാ സൂചികയുടെ അടിസ്ഥാനത്തിൽ വെറും വിവരശേഖരണം നടത്തി റിപ്പോർട്ട് തയ്യാറാക്കരുത്. സ്ഥിതിവിവര കണക്കുകൾ വിശകലനം ചെയ്ത് അവതരിപ്പിക്കുന്ന രീതിയാണ് പെർഫോമൻസ് റിവ്യൂകൊണ്ട് ഉദ്ദേശിക്കുന്നത്. ആഴത്തിലുള്ള അന്വേഷണവും വസ്തുനിഷ്ഠമായ വിഷയ അവതരണവും വേണം.

V. 1996-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടത്തിലെ ചട്ടം 8 പ്രകാരമുള്ള ഓഡിറ്റ് റിക്വസിഷൻ ഫോറം വിവര ശേഖരണത്തിന് ഉപയോഗിക്കാവുന്നതാണ്.

VI. 2011 നവംബർ മാസത്തിൽ ***കാർഷിക പദ്ധതികളും – കൃഷിഭവനും*** എന്ന വിഷയത്തിലും ഡിസംബർ മാസത്തിൽ ***തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡു പ്രവൃത്തികൾ*** എന്ന വിഷയത്തിലും 2012 ജനുവരി മാസത്തിൽ ***ശിശുക്ഷേമ പദ്ധതികളും അംഗണവാടികളും*** എന്ന വിഷയത്തിലുമാണ് അവലോകന റിപ്പോർട്ട് തയ്യാറാക്കേണ്ടത്. പ്രസ്തുത മാസങ്ങളിൽ ഓഡിറ്റ് നടത്തുന്ന എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നിർദ്ദേശിക്കപ്പെട്ട വിഷയങ്ങളിൽ പ്രവർത്തനാവലോകനം നടത്തണം. ഇതിനാവശ്യമായ മനുഷ്യദിനം ഉൾപ്പെടുത്തണം. പെർഫോമൻസ് റിവ്യൂ റിപ്പോർട്ടിന്റെ പകർപ്പുകൾ, ഓഡിറ്റ് പൂർത്തിയായി 15 ദിവസത്തിനകം റിപ്പോർട്ട് തയ്യാറാക്കിയവരുടെ പേരുവിവരം സഹിതം ഹെഡ് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. പ്രവർത്തനാവലോകന റിപ്പോർട്ടുകൾ 2012 മാർച്ച് 31 നു മുമ്പ് ബന്ധപ്പെട്ട ഓഡിറ്റ് റിപ്പോർട്ടുകളുടെ ഭാഗമാക്കി പുറപ്പെടുവിക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കാൻ സാധിക്കുന്നില്ലെങ്കിൽ പ്രവർത്തനാവലോകന റിപ്പോർട്ട് പ്രത്യേകമായി പുറപ്പെടുവിക്കണം.

VII. 2011 നവംബർ മാസത്തെ ഓഫീസ് യോഗത്തിൽ ഈ സർക്കുലറും അവലോകന വിഷയങ്ങളും ചർച്ച ചെയ്യേണ്ടതും ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തേണ്ടതുമാണ്.

VIII. ജില്ലാ ഓഫീസുകളിൽ പ്രവർത്തനാവലോകനം നടത്തുന്ന ജോലി ഏകോപിപ്പിക്കുന്നതിന് ഡെപ്യൂട്ടി ഡയറക്ടർമാരെ ചുമതലപ്പെടുത്തുന്നു. സീനിയർ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ഡെപ്യൂട്ടി ഡയറക്ടർമാർക്കും ഓഡിറ്റ് ക്യാമ്പുകൾ സന്ദർശിച്ച് ഓഡിറ്റ് ബാച്ചിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകാവുന്നതാണ്. സമയ ബന്ധിതമായും മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചും റിപ്പോർട്ട് തയ്യാറാക്കി അയയ്ക്കാൻ ഓഫീസ് തലവന്മാർ ശ്രദ്ധിക്കേണ്ടതാണ്.

IX. പ്രവർത്തനാവലോകനത്തിലെ നിഗമനങ്ങളും ശുപാർശകളും ഓഡിറ്റ് അവസാനിച്ച ശേഷം എക്സിറ്റ് കോൺഫറൻസിൽ ചർച്ച ചെയ്ത് സ്ഥാപനാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തണം.

X. ഇതോടൊപ്പമുള്ള പ്രവർത്തനാവലോകന സൂചികയുടെ മാതൃകയിൽ വിവിധ വിഷയങ്ങൾ സബ് ഓഫീസുകളിൽ നിന്നും തെരഞ്ഞെടുത്ത് പരിശോധനാ സൂചികകൾ തയ്യാറാക്കി ഹെഡ് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. തുടർന്നുള്ള മാസങ്ങളിൽ ഇത്തരം വിഷയങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തനാവലോകനം നടത്തുന്നതാണ്.

XI. ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിന്റെ പരിധിയിൽ വരുന്ന മറ്റു സ്ഥാപനങ്ങളും (സർവ്വകലാശാലകൾ, ഹൗസിംഗ് ബോർഡ്, ക്ഷേമനിധികൾ തുടങ്ങിയവ) മേൽപ്പറഞ്ഞ രീതിയിൽ വിഷയങ്ങൾ പ്രവർത്തനാവലോകനത്തിന് തെരഞ്ഞെടുത്ത് ഹെഡ് ഓഫിസിലേയ്ക്ക് അയച്ചുതരേണ്ടതാണ്.

XII. പ്രവർത്തനാവലോകനം നടത്തുന്നതിന് കൂടുതൽ വിവരങ്ങൾ www.intosai.org സൈറ്റിൽ ലഭ്യമാണ്.

XIII. ജില്ലാ തലത്തിലും ഓഫീസ് തലത്തിലും വിഷയങ്ങൾ തെരഞ്ഞെടുത്ത് പ്രവർത്തനാവലോകനം നടത്തി റിപ്പോർട്ടുകൾ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്താവുന്നതും സമാഹൃത റിപ്പോർട്ടിലേയ്ക്ക് ശുപാർശ ചെയ്യാവുന്നതുമാണ്.

ഒപ്പ്

ഡയറക്ടർ.

പകർപ്പ്: 1. എല്ലാ സബ് ഓഫീസുകൾക്കും
2. ഡയറക്ടറുടെ സി.എ.
3. ജോയിന്റ് ഡയറക്ടർ I, II, III & IV
4. ഡെപ്യൂട്ടി ഡയറക്ടർ I, II, III
5. എസ്.എസ്.4 സെക്ഷൻ.
6. ഓഫീസ് കോപ്പി.

അംഗീകാരത്തോടെ

Chandraprabha

ഓഡിറ്റ് ഓഫീസർ

എ.എൻ.12/10/11

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്

കാർഷിക പദ്ധതികളും – കൃഷി ഭവനും – പ്രവർത്തനാവലോകനം –

പരിശോധനാ സൂചിക

~~1 തദ്ദേശ ഭരണസ്ഥാപനം~~ :

2. ജീവനക്കാരുടെ എണ്ണം :

തസ്തികയുടെ പേര്	എണ്ണം	ഒഴിവ്

3. കെട്ടിട സൗകര്യം

(എ). കൃഷിഭവൻ പ്രവർത്തിക്കുന്നത് സ്വന്തം കെട്ടിടത്തിലാണോ? ആണെങ്കിൽ കെട്ടിടം കൃഷിവകുപ്പ് നിർമ്മിച്ചതോ? ഗ്രാമപഞ്ചായത്ത് നിർമ്മിച്ചതോ? നിർമ്മിച്ച വർഷം?

(ബി). വാടകക്കെട്ടിടത്തിലാണെങ്കിൽ പ്രതിമാസ വാടക? വാടക കൃത്യമായി നൽകുന്നുണ്ടോ? കുടിശ്ശികയുണ്ടെങ്കിൽ ഏതു കാലത്തേത് ? എത്ര തുക?

(സി). കൃഷിഭവന്റെ നിലവിലുള്ള കെട്ടിടസൗകര്യം പര്യാപ്തമാണോ? ഇല്ലെങ്കിൽ എന്തൊക്കെ സൗകര്യങ്ങളാണ് കുറവുള്ളത്?

(ഡി). കൃഷിഭവന് അറ്റകുറ്റപ്പണി നടത്താറുണ്ടോ? കഴിഞ്ഞ രണ്ടു വർഷങ്ങളിൽ എത്ര തുക ഈ ഇനത്തിൽ ചെലവഴിച്ചു? അറ്റകുറ്റപ്പണിക്ക് മെയിന്റനൻസ് ഗ്രാന്റ് ലഭിച്ചോ ?

(ഇ). തൈകൾ, വിത്തുകൾ തുടങ്ങിയവയും യന്ത്രങ്ങളും സൂക്ഷിക്കാൻ കൃഷി ഭവനിൽ /കൃഷിഭവനോട് ചേർന്ന് വേണ്ടത്ര സൗകര്യമുണ്ടോ?

(എഫ്). കൃഷിഭവനിൽ കുടിവെള്ളം ലഭ്യമാണോ ? ഏതു വിധത്തിൽ ?

(ജി). കാർഷിക വിജ്ഞാന കേന്ദ്രം നിർമ്മിച്ചിട്ടുണ്ടോ ? എവിടെ സ്ഥിതി ചെയ്യുന്നു?

(എച്ച്). കർഷകരുടെ യോഗങ്ങളും മറ്റും നടത്താൻ കൃഷിഭവനിൽ സൗകര്യമുണ്ടോ?

(ഐ). കൃഷിഭവന്റെ പ്രവർത്തനച്ചെലവ് പൂർണ്ണമായും തദ്ദേശ ഭരണ വകുപ്പ് സ്ഥാപനം വഹിക്കുന്നുണ്ടോ? (വൈദ്യുതി, വെള്ളം, ഫോൺ മറ്റു ചെലവുകൾ)

(ജെ). കൃഷിഭവന്റെ നെയിം ബോർഡിൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേര് ഉൾപ്പെടുത്തിയിട്ടുണ്ടോ?

4. കൃഷി ഭൂമി വിനിയോഗ വിവരങ്ങൾ

(എ.) കൃഷി ഭവന്റെ കീഴിലുള്ള പ്രദേശത്തെ വ്യത്യസ്ത കൃഷിയുടെ വിസ്തീർണ്ണവിവരവും, കർഷകരുടെ എണ്ണവും ലഭ്യമാണോ ?

(ബി.) ഗ്രാമപഞ്ചായത്തിൽ എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി നിലവിലുണ്ട് ? നെൽകൃഷി നടത്തുന്ന എത്ര കർഷകരുണ്ട്?

((സി). നെൽപാടം മറ്റാവശ്യങ്ങൾക്ക് വേണ്ടി നികത്തിയതിന്റെ വിവരങ്ങൾ ലഭ്യമാണോ ? ഉണ്ടെങ്കിൽ എത്ര ഹെക്ടർ?

((ഡി). കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ വീടു നിർമ്മിക്കാൻ വേണ്ടി വയൽ നികത്താൻ എത്ര പേർക്ക് അനുമതി നൽകി ? അനുമതി നൽകിയ ഭൂമിയുടെ മൊത്തം വിസ്തൃതിയെത്ര?

(ഇ). കൃഷി ചെയ്യാതിരുന്ന നെൽപാടങ്ങളിൽ നെൽകൃഷി നടത്താൻ ഗ്രാമപഞ്ചായത്തും കൃഷിഭവനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

(എഫ്). മറ്റു കൃഷികൾക്കു വേണ്ടി നികത്തിയ നെൽപാടങ്ങളിൽ നെൽകൃഷി പുനരുദ്ധരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

(ജി.) നെൽപ്പാടങ്ങൾ,കളിക്കളങ്ങൾ, വ്യവസായ എസ്റ്റേറ്റ് തുടങ്ങിയവയ്ക്കായി ഗ്രാമപഞ്ചായത്ത് വിലയ്ക്കു വാങ്ങിയിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ.

(എച്ച്). കൂടുതൽ ഭൂമി കൃഷിയോഗ്യമാക്കി ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കാനുള്ള ഗവ. സർക്കുലർ 38651/ഡി. എ.1/2008/തസ്വഭവ./16-6-08 ലെ നിർദ്ദേശങ്ങൾ നടപ്പാക്കിയോ ?

5. നീർത്തടാധിഷ്ഠിത പദ്ധതികൾ.

(എ). ഗ്രാമപഞ്ചായത്തിൽ നീർത്തട മാസ്റ്റർ പ്ളാൻ തയ്യാറാക്കിയിട്ടുണ്ടോ ?

(ബി). നീർത്തട പരിപാലന വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തിക്കുന്നുണ്ടോ?

(സി). നീർത്തടാധിഷ്ഠിത വികസന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ? വിശദാംശങ്ങൾ

6. കാർഷിക യന്ത്രവല്കരണം.

(എ). കൃഷിക്ക് ആവശ്യമായ യന്ത്രങ്ങൾ ലഭ്യമാക്കാൻ 10,11 പദ്ധതി കാലയളവിൽ കൃഷി ഭവൻ വഴി എത്ര രൂപ ചെലവഴിച്ചു. ? ഏതൊക്കെ യന്ത്രങ്ങൾ വാങ്ങി ?

(ബി). വാങ്ങിയ യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നത് ഏതു രീതിയിൽ ? പാടശേഖരസമിതികൾക്ക് യന്ത്രങ്ങൾ കൈമാറിയപ്പോൾ കരാർ വെച്ചിരുന്നോ? ആയത് കൃഷിഭവനിൽ ലഭ്യമാണോ?

(സി). പാടശേഖരസമിതികൾക്ക് കൈമാറിയ യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതായി ഉറപ്പു വരുത്തിയിട്ടുണ്ടോ ? വിശദാംശങ്ങൾ

(ഡി). പ്രവർത്തനക്ഷമമല്ലാത്ത യന്ത്രങ്ങൾ കൃഷി ഭവന്റെ കീഴിലുണ്ടോ?

7. ജലസേചനം

(എ). കൃഷിഭവന്റെ കീഴിൽ എത്ര ചെറുകിട ജലസേചന പദ്ധതികളുണ്ട് ? എത്ര ഏക്കർ സ്ഥലത്ത് ജലസേചന സൗകര്യമുണ്ട് ? പദ്ധതികൾ കരാർ വെച്ച് പരിപാലന കമ്മിറ്റികൾക്ക് കൈമാറിയിട്ടുണ്ടോ ഉണ്ടെങ്കിൽ വിശദാംശങ്ങൾ? ജലസേചന പദ്ധതികൾ കുടിവെള്ള പദ്ധതികളാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ

(ബി). ഏതെങ്കിലും ചെറുകിട ജലസേചനപദ്ധതികളുടെ നിർമ്മാണം സ്തംഭനത്തിലുണ്ടോ ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ

(സി). പ്രവർത്തനം സ്തംഭനത്തിലായ ജലസേചനപദ്ധതികളുണ്ടോ?

8. കേരകൃഷി വികസനം

(എ). കേരകൃഷി വികസനത്തിന് കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ഏതൊക്കെ പദ്ധതികൾ നടപ്പാക്കി ? ഓരോ പദ്ധതിക്കും ചെലവ് വർഷം തിരിച്ച് ?

(ബി). രോഗം ബാധിച്ച തെങ്ങുകൾ വെട്ടി മാറ്റാൻ കഴിഞ്ഞ 2 വർഷം എത്ര രൂപ ചെലവഴിച്ചു? എത്ര തെങ്ങിൻ തൈകൾ വിതരണം ചെയ്തു. ?

(സി). കേരശ്രീ പദ്ധതി പ്രകാരവും സമഗ്ര നാളികേര കൃഷി പദ്ധതിപ്രകാരവും എത്ര ക്ളസ്റ്ററുകൾ രൂപവല്കരിച്ചു? ഇവയുടെ പ്രവർത്തനം തൃപ്തികരമാണോ?

9. മേഖലാപരമായ ചുമതലകളുടെ നിർവഹണം

(എ.) മണ്ണ് സംരക്ഷണത്തിന് കഴിഞ്ഞ രണ്ട് വർഷം ഏതൊക്കെ പദ്ധതികൾ നടപ്പാക്കി ? എത്ര രൂപ ചെലവഴിച്ചു? (വർഷം തിരിച്ച് വിശദാംശങ്ങൾ)

(ബി). ജൈവവള ഉല്പാദനത്തിന് കഴിഞ്ഞ രണ്ട് വർഷം നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും വർഷം തിരിച്ച് .

(സി). സഹകരണ-കൂട്ടുകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കൃഷിക്കാർക്കിടയിൽ സ്വാശ്രയ സംഘങ്ങൾ രൂപവൽക്കരിക്കുന്നതിനും കഴിഞ്ഞ രണ്ട് വർഷങ്ങളിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ? എത്ര സംഘങ്ങൾ രൂപവല്കരിച്ചു ? എത്ര രൂപ സംഘങ്ങൾക്ക് ധനസഹായം നൽകി ?

(ഡി). ഉദ്യാനകൃഷി, പച്ചക്കറി കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് കഴിഞ്ഞ രണ്ട് വർഷം എത്ര പ്രൊജക്ടുകൾ നടപ്പാക്കി ? എത്ര രൂപ ചെലവഴിച്ചു ? ഭൗതിക നേട്ടം വിലയിരുത്തിയോ ?

(ഇ). വിത്തുല്പാദനം പ്രോത്സാഹിപ്പിക്കുതിന് കൃഷി ഭവൻ സ്വീകരിച്ച നടപടികൾ എന്ത് ?

(എഫ്). ഇടവിളകൃഷി പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ ചെയ്തു?

10. കർഷകതൊഴിലാളി പെൻഷൻ അപേക്ഷകൾ

1. തൻവർഷം ലഭിച്ച അപേക്ഷകളുടെ എണ്ണം ?
2. എത്ര അപേക്ഷകൾക്ക് അന്വേഷണ റിപ്പോർട്ട് നൽകി ?
3. അന്വേഷിക്കാൻ ബാക്കിയുള്ള അപേക്ഷകളുടെ എണ്ണം ?

11. മറ്റിനം

(എ). സമഗ്ര ഇ–കൃഷി പദ്ധതി ആരംഭിച്ചോ ? ഇ–കൃഷിയ്ക്ക് നിർവഹണ ഏജൻസിയായ 'അക്ഷയ'ക്ക് നൽകിയ പണം വിനിയോഗിച്ചോ? കർഷകരുടെ ഡാറ്റാബേസ് തയ്യാറാക്കിയോ ? ഭൂമി ക്ലബ്ബ് രൂപവല്കരിച്ചോ?

(ബി). പഞ്ചായത്ത്തല കാർഷിക വികസന സമിതി രൂപവല്കരിച്ചിട്ടുണ്ടോ ? അവസാനമായി യോഗം ചേർന്ന തിയ്യതി ? സമിതി സജീവമായി പ്രവർത്തിക്കുന്നുവോ ?

(സി). വിള ഇൻഷുറൻസ് ഉണ്ടോ? എത്ര പേർക്ക് ? ഏതൊക്കെ വിളകൾക്ക് ?

(ഡി). തെങ്ങ്/മരം കയറ്റ തൊഴിലാളി ഇൻഷുറൻസ് ഉണ്ടോ ? എത്ര പേർക്ക് ?

(ഇ). മികച്ച കർഷകരെ കണ്ടെത്തി ആദരിക്കുന്നുണ്ടോ ? മാതൃകാ കൃഷിത്തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കുന്നുണ്ടോ ? വിശദാംശങ്ങൾ

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുനിർമ്മാണ പ്രവൃത്തികൾ-പ്രവർത്തനാവലോകനം- പരിശോധനാ സൂചിക

1. തദ്ദേശസ്വയംഭരണ സ്ഥാപനം റോഡ് നിർമ്മാണ പ്രവൃത്തിക്ക് വേണ്ടി കഴിഞ്ഞ രണ്ട് വർഷം എത്ര രൂപ ചെലവഴിച്ചു.

ഫണ്ട് ഇനം	വർഷം	പ്രോജക്ട് എണ്ണം		അടങ്കൽ	ചെലവ്	നിർവ്വഹണ രീതി (എണ്ണം)			
		സ്പിൽ ഓവൻ	തൻ വർഷം			കരാറുകാർ	ഗുണഭോക്തൃ സമിതി	അക്രഡിറ്റഡ് ഏജൻസി	നേരിട്ട്
തനത്									
വികസനം									
സംരക്ഷണ ഗ്രാന്റ്									
കേന്ദ്രാവിഷ്കൃതം									
മറ്റിനം									

2. ആസ്തി രജിസ്റ്റർ പൂർണ്ണമാണോ? സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ റോഡുകളുടെയും (പുതുതായി പണിതതിന്റെ ഉൾപ്പെടെ) വിവരങ്ങൾ ആസ്തി രജിസ്റ്ററിലുണ്ടോ ? രജിസ്റ്ററിന്റെ അപാകതയുടെ വിശദാംശങ്ങൾ ?
3. മരാമത്തു പ്രവൃത്തിയുമായി ബന്ധപ്പെട്ട രേഖകൾ (ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ, എം.ബുക്കുകൾ, ലെവൽ ഫീൽഡ് ബുക്കുകൾ, ബിറ്റുമെൻ സ്റ്റോക്ക് രജിസ്റ്റർ, ഫയലുകൾ തുടങ്ങിയവ തൃപ്തികരമായി സൂക്ഷിക്കുന്നുണ്ടോ ? ഇല്ലെങ്കിൽ അപാകതകൾ/പോരായ്മകൾ എന്തെല്ലാം ?
4. റോഡ് നിർമ്മാണം/സംരക്ഷണ പ്രവൃത്തികൾ ശരിയായ ആസൂത്രണത്തോടെ യാണോ നടപ്പാക്കുന്നത് ? ഗ്രാമസഭയിൽ/വാർഡുസഭയിൽ ഉയർന്നു വരുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുന്നുണ്ടോ? പശ്ചാത്തല സൗകര്യങ്ങൾക്കുള്ളവർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം തൃപ്തികരമാണോ ?
5. പതിനൊന്നാം പദ്ധതി മാർഗ്ഗരേഖ (ജി.ഒ (എം.എസ്) 128/07/തസ്വഭവ 14.07.07) പ്രകാരമുള്ള കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ?
6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകളിൽ കിലോമീറ്റർ/ഹെക്ടോ മീറ്റർ കല്ലുകൾ സ്ഥാപിക്കണമെന്ന ജി.ഒ(എം.എസ്) 165/2010/തസ്വഭവ 16.01.2010 ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോ ?

16. റോഡ് പ്രവൃത്തികൾ കരാർ പ്രകാരമുള്ള സമയപരിധിക്കകം പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ/കമ്മിറ്റികൾക്കെതിരെ നടപടി സ്വീകരിച്ചോ ? പിഴ ഈടാക്കിയോ ? ഇല്ലെങ്കിൽ വിശദാംശങ്ങൾ.

17. സബ് ബേസ്, മെറ്റലിംങ് തുടങ്ങിയ പ്രവൃത്തികൾ പൂർത്തിയാക്കി ടാറിംഗ് നടത്താത്തതിനാൽ റോഡ് പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നുണ്ടോ ? ടാറിംഗ് നടത്തുമ്പോൾ ' പാച്ച് സോളിംഗ് ' എന്ന പേരിൽ വലിയ തുക ചെലവഴിക്കുന്നുണ്ടോ ? വിശദാംശങ്ങൾ. റോഡ് വികസന ഫണ്ട് വാർഡുകളിൽ വീതം വെക്കുന്നതിനാൽ വളരെ കുറഞ്ഞ അളവിൽ മാത്രം റോഡ് നിർമ്മിക്കുന്ന അവസ്ഥയുണ്ടോ ? (50 മീറ്റർ, 100 മീറ്റർ)

18. 10000 രൂപയ്ക്ക് താഴെയുള്ള അടങ്കലിൽ കഴിഞ്ഞ രണ്ടു വർഷം എത്ര റോഡുകൾക്ക് അറ്റകുറ്റപ്പണി നടത്തി? മണ്ണോ ക്വാറി വേയ്സ്റ്റോ ഇട്ട് കുഴിയടയ്ക്കൽ/ചെളിക്കളം ഒഴിവാക്കൽ മാത്രമായിരുന്നോ ഇത് ?

19. റോഡ് സംരക്ഷണ ഗ്രാന്റ് പര്യാപ്തമാണോ ? വകമാറ്റി ചെവഴിച്ചിട്ടുണ്ടോ. റോഡ് സംരക്ഷണ പ്രവൃത്തികൾ ആസൂത്രണത്തോടെ നടപ്പാക്കിയോ ?

20. ഇടവഴികൾ, നടപ്പാതകൾ, ഓവുചാലുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ കാണുന്ന അപാകതകളുണ്ടോ ? ഉദാഹരണ സഹിതം.

21. കരാറുകാർക്ക് അധിക നിരക്ക് നൽകൽ, നിർമ്മാണ സാധനങ്ങൾ നേരിട്ട് വാങ്ങി നൽകിയപ്പോൾ വില ഈടാക്കാതിരിക്കൽ, ഗുണഭോക്തൃ സമിതികൾക്ക് സി.പി. നൽകൽ, പ്രവൃത്തിയുടെ സൈറ്റ് രേഖാമൂലം കൈമാറാതിരിക്കൽ, മൂല്യനിർണ്ണയം നടത്താതെ പണം നൽകൽ തുടങ്ങിയ പൊതു അപാകതകളുണ്ടെങ്കിൽ വിശദാംശങ്ങൾ.

22. റോഡു പ്രവൃത്തികളുടെ മോണിറ്ററിംഗ് സംവിധാനം ഫലപ്രദമായിരുന്നോ ?

23. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് സംവിധാനം പര്യാപ്തമാണോ ? തസ്തികകൾ, ഒഴിവ് തുടങ്ങിയ വിവരങ്ങൾ.